ഹയർ സെക്കന്ററി ഡയറക്ടറുടെ
ഓഫീസ്, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. അക്കാഡമിക് ബി6/45242/11/എച്ച്.എസ്.ഇ തീയതി : 24.12.2011

# സർക്കുലർ

<u>എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും</u>

വിഷയം : ഹ.സെ.വി.വ - ഗസ്റ്റ് അദ്ധ്യാപക നിയമനം സംബന്ധിച്ച്

2002 മുതൽ 2011 വരെ സെറ്റ് പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെ വിഷയം / ജില്ല തിരിച്ചുള്ള ലിസ്റ്റ് ഹയർ സെക്കന്ററി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (ഇതിൽ 'സെറ്റ്' പരീക്ഷ പാസാവുകയും വിവിധ കാരണങ്ങളാൽ 'സെറ്റ്' സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കപ്പെട്ട ഉദ്യോഗാർത്ഥികളും ഉൾപ്പെടുന്നു). ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള അദ്ധ്യാപകരെ മാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. 'സെറ്റ്' സർട്ടിഫിക്കറ്റ് വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളായാലും നിയമനം നടത്താവൂ. ലിസ്റ്റ് പൂർണ്ണമായതിനു ശേഷം മാത്രമേ 'സെറ്റ്' യോഗ്യതയില്ലാത്ത പി.ജി യും ബി.എഡും ഉള്ളവരെ നിയമിക്കാവൂ എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടർക്കു വേണ്ടി